# കേരള സർവകലാശാല

നം. പി.ആർ.011/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.എസ്‌സി ഫലം

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ കരിയർ റിലേറ്റഡ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ് രണ്ടാം സെമസ്റ്റർ ബി.എസ്‌സി ഇലക്ട്രോണിക്സ് (340 – റഗുലർ 2014 അഡ്മിഷൻ – 2013 അഡ്മിഷൻ – ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയക്കും മാർച്ച് രണ്ട് വരെ അപേക്ഷിക്കാം. പുനർമൂല്യനിർണ്ണയത്തിന് വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന കരട് മാർക്ക്ലിസ്റ്റ് ഉപയോഗിക്കാം.

### എം.എച്ച്.ആർ.എം വൈവ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തുന്ന എം.എച്ച്.ആർ.എം വൈവ ഫെബ്രുവരി 18, 19 തീയതികളിൽ പാളയം എസ്.ഡി.ഇ-യിൽ രാവിലെ 10.30 മുതൽ നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. വിദ്യാർത്ഥികൾ ഹാൾടിക്കറ്റുമായി ഹാജരാകണം.

### അറബി അദ്ധ്യാപക ശിൽപശാല

കേരള സർവകലാശാല കാര്യവട്ടം അറബി പഠനവകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ സ്കൂൾ/മദ്രസ അറബി അദ്ധ്യാപകർക്കായി ദേശീയ ശിൽപശാല ഫെബ്രുവരി 15 മുതൽ 25 വരെ കാര്യവട്ടം അറബി വിഭാഗത്തിൽ നടത്തും; ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമാ ജനറൽ സെക്രട്ടറി തൊടിയൂർ മുഹമ്മദ് കുഞ്ഞ് മൗലവി ഉദ്ഘാടനം നിർവ്വഹിക്കും. രജിസ്ട്രേഷൻ സൗജന്യം. ഫോൺ. 9747686847.

### ദേശീയ സെമിനാർ

കേരള സർവകലാശാല കാര്യവട്ടം മലയാള പഠനവകുപ്പ് 'എൻ.വിയും മലയാളസാഹിത്യവും' എന്ന വിഷയത്തിൽ ഫെബ്രുവരി 16, 17, തീയതികളിൽ നടത്തുന്ന ദേശീയ സെമിനാറിന്റെ ഉദ്ഘാടനം പ്രസിദ്ധ സാഹിത്യനിരൂപകൻ ഡോ.ഡി.ബഞ്ചമിൻ രാവിലെ 10-മണിക്ക് കാര്യവട്ടം മലയാള പഠനവകുപ്പ് സെമിനാർ ഹാളിൽവച്ച് നിർവ്വഹിക്കും. സമാപനസമ്മേളനത്തിൽ ഡോ.എൻ.മുകുന്ദൻ മുഖ്യ അതിഥിയായിരിക്കും

### അനുസ്മരണ പ്രഭാഷണം

കേരള സർവകലാശാല കാര്യവട്ടം ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ ഡോ. ടി. ഗണപതി ശാസ്ത്രി അനുസ്മരണ പ്രഭാഷണം ഫെബ്രുവരി 15 രാവിലെ 11 മണിക്ക്

വകുപ്പ് സെമിനാർ ഹാളിൽ നടത്തും. സംസ്കൃത പണ്ഡിതനും കോട്ടയം ബസേലിയസ് കോളേജ് സംസ്കൃത വിഭാഗം റിട്ടയേർഡ് പ്രൊഫസർ ഡോ. പി.വി വിശ്വനാഥൻ നമ്പൂതിരി ആശ്ചര്യചൂഡാമണിയും രസാനുഭൂതിയും എന്ന വിഷയത്തിൽ പ്രഭാഷണം നടത്തും.

(ഒപ്പ്)

സർവകലാശാല മന്ദിരം, ഡോ. ലാൽ സി.എ.

തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ

12.02.2016

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**